* മിസ്റ്റർ പോപ്പട്ടലാൽ ഗോവർദ്ധനലാലൻ *(Mattancheri North)* — സർ, കഷ്കന്മാരെ സഹായിക്കുവാൻ വേണ്ടി അവതരിപ്പിച്ചിട്ടുള്ള ബില്ലിനെ എതിർക്കേണ്ടിവന്നതിൽ എനിക്കു വളരെ സങ്കടം തോന്നുന്നുണ്ട്. പക്ഷെ ഈ ബിൽ കഷ്കന്മാരെ സഹായിക്കുവാനായിട്ട മാത്രം അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണെന്നു ഞാൻ വിചാരിക്കുന്നില്ല. വെറുതെ പേരുമാത്രം ആ നിലയിൽ പറഞ്ഞിരിക്കുന്നുവെന്നല്ലാതെ ഇതു കൊണ്ടു ഗുണംകിട്ടുന്നതു് ആർക്കാണെന്നും ആർക്കാണു ദോഷമുണ്ടാകുന്നതെന്നും അതു വായിച്ചു നോക്കിയാൽ മതിയാകും. കഷ്കന്മാർക്കു സഹായം ചെയ്യുന്നതോടുകൂടി മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാകാനിടവരുത്തുന്നതു വളരെ സങ്കടകരമാണു്. എക്കണോമിക്ക് ഡിപ്രഷൻ ഇപ്പോഴും തീർന്നിട്ടില്ലെന്നും അതുകൊണ്ടു് അതിനെപ്പറ്റി വാദിക്കുന്നതു് ശരിയല്ലെന്നും ബഹുമാനപ്പെട്ട പ്രസിഡൻറവർകളും ഇവിടെ പറയുകയുണ്ടായി. ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന ആറുകൊല്ലംമുമ്പു സമ്പാദിച്ചിട്ടുള്ള വിധികളൊന്നും നടത്തരുതെന്നു്. അതിനെക്കുറിച്ചു് പ്രത്യേകം ആലോചിക്കേണ്ടതാണു്. ആറുകൊല്ലം മുമ്പു് ഇവിടത്തെ ഉല്പന്നങ്ങളുടെ വിലയും ഇപ്പോഴത്തെ ഉല്പന്നങ്ങളുടെ വിലയും തമ്മിൽ താരതമ്മ്യപ്പെടുത്തി നോക്കിയാൽ വളരെ വ്യത്യാസമുണ്ടു്. ഈ തരത്തിൽ വന്നിട്ടും വാങ്ങിച്ചതു കൊടുക്കരുതെന്നുള്ള മനസ്ഥിതി മാറാതിരിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഈ ബില്ലിന്റെ ഒരു ഭാഗത്തു് ഒരു കൊല്ലക്കാലംവരെ യാതൊരു കോടതികളിലും വിധിനടത്തിനുവേണ്ടി പണം ചിലവാക്കരുതെന്നു പറഞ്ഞിരിക്കുന്നു. കൊടുത്ത പണം ഈടാക്കുവാൻ വേണ്ടി നടപടി നടത്താൻ സാധിക്കാതെ ഒരു കൊല്ലംവരെ പണം കൊടുത്തവർ അടങ്ങിരിക്കണമെന്നു പറഞ്ഞാൽ അവർക്കു് അവരുടെ കാര്യങ്ങൾ എങ്ങനെ ശരിക്കു നിർവഹിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ചു് നല്ലവണ്ണം ആലോചിക്കേണ്ടതാണു്. ഈ ആറുകൊല്ലത്തിനു മുമ്പു സമ്പാദിച്ച വിധികളിൽതന്നെ ഏതെങ്കിലുംപ്രകാരത്തിൽ കടക്കാർ സംഖ്യകൊടുത്തു തീർത്തിട്ടുണ്ടോ എന്നു നോക്കുകയാണെങ്കിൽ അതുപോലും യാതൊന്നും കൊടുക്കാതെ വിധിയുടമസ്ഥന്മാരെ കഷ്ടപ്പെടുത്തീട്ടുണ്ടെന്നു കാണാവുന്നതാണു്. ഇനിയും ഈ നിലയിൽതന്നെ നടന്നുപോകാതെ ഇന്നപ്രകാരം അല്ലെങ്കിൽ ഏതുതരത്തിൽ ഇതു കൊടുത്തു തീർക്കണമെന്നൊരു ഭാഗംകൂടി ഈ ബില്ലിൽ പ്രസ്താവിച്ചിരുന്നുവെങ്കിൽ തീർച്ചയായും ഈ ബിൽ ന്യായമായ ഒന്നാണെന്നു സമ്മതിക്കാമായിരുന്നു. ഒരു വിധിയുടമസ്ഥൻ ഒരാളുടെമേൽ വിധി സമ്പാദിച്ചു

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ശേഷം ആ കേസിലെ പ്രതി ഏതു ദേശക്കാരനായാലും അയാൾ ഏതു ദേശത്തുപോയി താമസിച്ചാലും അയാൾ അവിടെ പോയതിനു ശേഷം പണം സമ്പാദിച്ചു ലക്ഷപ്രഭുവായാലും അയാളിൽനിന്നും പണം ഈടാക്കുവാൻ പാടില്ല എന്നൊരു ഭാഗം ഈ ബില്ലിൽ ചേർത്തിട്ടുള്ളതു് എന്തുദ്ദേശത്തോടുകൂടിയാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. കർഷകന്മാർ കൃഷിയുടെ ആവശ്യത്തിനായി മാത്രം കടംവാങ്ങിച്ചതാണെങ്കിൽ നാം അവരെ സഹായിക്കേണ്ടതാണെന്നും, അതിലേക്കായിട്ട് ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിരുന്നുവെങ്കിൽ അതിനെ ഹൃദയപൂർവ്വം അനുകൂലിക്കാമായിരുന്നുവെന്നുമാണു് എനിക്കു് പറയുവാനുള്ളതു്. കൃഷിയുടെ പേരു് ഇതിൽ പറഞ്ഞിരിക്കുന്നതുതന്നെ ശരിയായിട്ടുള്ളതല്ല. നമ്മുടെ ഈ കൊച്ചീ രാജ്യത്തു് കൃഷിക്കാരല്ലാത്തവരായി ആരാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. നൂറുക്കു 75 പേരും നമ്മുടെ നാട്ടിൽ കൃഷിക്കാർതന്നെയാണു്. ആ സ്ഥിതിക്കു് പണം കൊടുക്കൽവാങ്ങലിൽ എത്രമാത്രം ബുദ്ധിമുട്ടുണ്ടാകുമെന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പർമാരും ഗവൺമെൻറും ചിന്തിച്ചാൽ കൊള്ളാം. അതിനു പറ്റിയ ഒരവസരമാണിതു്. കർഷകന്മാർ വാങ്ങിച്ചിട്ടുള്ള കടത്തിനു് അവരുടെമേൽ വിധി നടത്തരുതെന്നു പറഞ്ഞിട്ടുള്ളതുപോലെതന്നെ കർഷകന്മാർ കൊടുത്തിട്ടുള്ള അന്യായപ്രകാരവും അവർക്കു വിധിനടത്തുവാൻ പാടില്ല എന്നുകൂടി ഇതിൽ ചേർത്തിരുന്നാൽ നന്നായിരിക്കുമായിരുന്നു. ആ ഭാഗം ചിന്തിക്കാതെ കർഷകന്മാർ അവരുടെ ഉല്പന്നങ്ങളെ വിൽക്കുവാനായി ഒരു മദ്ധ്യസ്ഥനെ ഏല്പിക്കുകയും, അയാൾ ആ ഉല്പന്നങ്ങളെ വിദേശങ്ങളിൽ കൊണ്ടുപോയി വിൽക്കുകയും ചെയ്യുമ്പോൾ കർഷകന്മാർ അവർക്കു നേരിട്ടുന്ന ചുറ്റുപാടുകൾകൊണ്ടു് ആ മദ്ധ്യസ്ഥനോടു മുൻകൂട്ടി പണം ആവശ്യപ്പെടുകയാണെങ്കിൽ ഏതുതരത്തിലാണു് അയാൾക്കു് അതു കൊടുത്തു തീർക്കുവാൻ കഴിയുക. ഈ തരത്തിൽ നിങ്ങൾക്കു കിട്ടേണ്ട പണംമാത്രം ചോദിക്കരുതെന്നും ഞങ്ങൾക്കു തരാനുള്ളതു് ശരിക്കു തരണമെന്നും പറയുന്നതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു് കർഷകന്മാരും യാതൊരു വിധികളും നടത്തരുതെന്ന ഭാഗം ഇതിൽ പറഞ്ഞിട്ടില്ലെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ കർഷകന്മാരായ കടക്കാർ മറ്റു കർഷകന്മാരായ കടക്കാരുടെമേലും നടപടി നടത്തുവാൻ പാടില്ലതന്നെ.

മിസ്റ്റർ പോപ്പട്ടലാൽഗോവർദ്ധനലാലൻ *(Mattancheri North)*.— ബഹുമാനപ്പെട്ട ഗവൺമെൻറിൽനിന്നും കർഷകന്മാരെ സഹായിക്കുവാൻ വേണ്ടി ഇപ്പോൾ ലാൻറുമോർട്ടഗേജു ബാങ്കു് സ്ഥാപിച്ചിട്ടുണ്ടു്. അതുവഴിയായി അനേകം കർഷകന്മാരെ സഹായിച്ചുവരുന്നുമുണ്ടു്, മേലും പലേ സഹായങ്ങളും അതുമൂലം അവർക്കു ലഭിക്കുകയും ചെയ്യും. കൂടാതെ 'മദ്ധ്യസ്ഥ ബോർഡു'കളും അടുത്തുതന്നെ നമ്മുടെ മുമ്പാകെ വരുന്നുണ്ടു്. ആ മാദ്ധ്യസ്ഥത വരുന്നതിനുമുമ്പു് വാങ്ങിച്ച പ

LIBRARY ARCHIVES Kerala Legislative Assembly

ണം കൊടുക്കണ്ടാ എന്ന മനസ്ഥിതി വന്നാൽ അങ്ങിനെയൊരു മദ്ധ്യസ്ഥ ബോർഡിന്റെ ആവശ്യം ഇല്ലെന്ന് ഇപ്പോൾതന്നെ പറഞ്ഞാൽ കൊള്ളാം. (ചിരി.) ഈവക കാര്യങ്ങൾ നല്ലവണ്ണം ആലോചിച്ചിട്ടു വേണം ഇങ്ങനെയൊരു വിളംബരം പ്രസിദ്ധപ്പെടുത്തുവാൻ എന്നാണ് എനിക്കു പറയുവാനുള്ളതു്.

The House rose for lunch at 12-58 p. m. and re-assembled at 2-15 p. m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—സർ, ഈ ബില്ലിനെപ്പറ്റി രണ്ടുപക്ഷമായി വളരെ ശക്തിയായിട്ടുള്ള വാദപ്രതിവാദങ്ങളെല്ലാം നടന്നു. തൃശ്ശൂർ സൌത്തുമെമ്പർ അവർകളുടെ ആവേശജനകമായ പ്രസംഗം കേട്ടപ്പോൾ ഈ ബിൽ പാസാക്കിയാൽ കൊച്ചീരാജ്യംമുഴുവൻ തകർന്നുപോകുമെന്നുതോന്നി. ബഹുമാനപ്പെട്ട അവതാരകന്റെ പ്രസംഗം കേട്ടപ്പോൾ മേടിച്ച മുതലൊന്നും കൊടുക്കാതെ കഴിച്ചാൽ മതിയെന്നുതോന്നി. എന്നാൽ കൊടുത്തവനു കിട്ടുകയും മേടിച്ചവൻ കൊടുക്കുകയുംവേണം. മോറിട്ടോറിയം പാസായാൽ മേടിച്ചമുതൽ കൊടുക്കാതെ കഴിച്ചുകൂട്ടുക സാദ്ധ്യമല്ല. ഡെറ്റുകൺസിലിയേഷൻ ബോർഡു പിന്നാലെവരുന്നു. അതു ഗവൺമെന്റു വലിയ ആനുകൂല്യത്തോടുകൂടി പാസാക്കുമെന്നും അതുകൊണ്ടു് ഇതിനെ നിർബ്ബന്ധമായി പ്രസ്സുചെയ്യേണ്ട ആവശ്യമില്ലെന്നും ഇതു പിൻവലിക്കണമെന്നും ദിവാൻ പ്രസിഡണ്ടു് അവർകൾതന്നെ ഞങ്ങളെ മനസ്സിലാക്കിക്കൊണ്ടു് ഉപദേശിക്കുകയുണ്ടായി.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— വാശ്യത്തം ചെയ്തില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— കാര്യം ബുദ്ധിയുള്ളവർക്കൊക്കെ നല്ലവണ്ണം മനസിലാകത്തക്കവിധത്തിൽ ഉപദേശം കിട്ടീട്ടുണ്ടു്. ബഹുമാനപ്പെട്ടമെമ്പർ ഉടനെതന്നെ ഇതു പിൻവലിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നു. പോരെങ്കിൽ ഞാൻ അപേക്ഷിക്കുകയുംചെയ്തു. അതുകൊണ്ടു് ഞാൻ ഇതിനെപ്പറ്റി പ്രസംഗിക്കുവാൻ വിചാരിക്കുന്നില്ല. അനാവശ്യമായി സമയം കളയാതെ, ഇതിനേക്കാൾ ശ്രേയസ്കരമായ ഡെറ്റുകൺസിലിയേഷൻ ബിൽ വരുന്നുണ്ടു്; അതു ഗവൺമെന്റു് ആനുകൂല്യത്തോടുകൂടി പാസാക്കാമെന്നു ഗവൺമെന്റു ഭാഗത്തുനിന്നു മറുപടികിട്ടീട്ടുള്ളതുകൊണ്ടു് ഈ ബിൽ പിൻവലിക്കണമെന്നു ബഹുമാനപ്പെട്ട മെമ്പറോടു ഞാൻ അപേക്ഷിക്കുകയാണ് ചെയ്യുന്നതു്. ഇതിനാണ് ഞാൻ എഴുന്നേറ്റുനിന്നതു്. ഇതിനുവേണ്ടി സമയം കളയരുതെന്നു് ഞാൻ ആ മെമ്പറോടു അപേക്ഷിക്കുന്നു.

---

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. V. Cherian *(Mattancheri South).*— Sir, the Moratorium was in force for six months on a previous occasion. Will the Hon'ble the mover of the resolution explain whether there was any advantage to the agriculturists by that Moratorium?

Mr. K. M. Ibrahim *(Cranganur).*—Shall I do it now?

Mr. M. V. Cherian *(Mattancheri South).*—From my experience, I find that none of the Agriculturist debtors had paid any money to any creditor during the period of the Moratorium and the agriculturists on the strength of the Moratorium were appropriating the usufructs and other things to themselves. I do not think there will be one instance in which the debtor has given at least a portion of the usufructs which he was appropriating during that time. There was a lull and debtors were taking complete advantage and creditors were put off. That was the situation. Therefore my humble submission regarding this Moratorium is that it will be of no avail to anybody. The debtors will be in an advantageous position and at the same time the debt will be accumulating by leaps and bounds. Therefore, I oppose this Bill.

And so far as the Circulars and other things are concerned, it has done a lot of good and from my experience there is not any presiding officer who has refused to adjourn sales on payment of a paltry amount. Even in cases where no amount is paid, they are adjourning for the first or second time. Hence I do not think there is any necessity for this Bill. I therefore request the Hon'ble the mover to withdraw this Bill.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur).*— മിസ്റ്റർ പ്രസിഡണ്ട്, സർ, കഴിഞ്ഞതവണ ഒരു പരിപൂർണ്ണമായ വാദപ്രതിവാദത്തിനു ശേഷം ഈ നിയമസഭ ഒരു വലിയ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയ ഈ ബില്ലിന്റെ ഇന്നത്തെ ഭയനീയസ്ഥിതി. . . .

മിസ്റ്റർ ടി. എസ്സ്. നാരായണയ്യർ *(Secretary to Government).*— വലിയ ഭൂരിപക്ഷത്തോടുകൂടി പാസാക്കിയതല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur).*— ഭൂരിപക്ഷമില്ലെ?; അതുമതി.

ഒരു ഭൂരിപക്ഷത്തോടുകൂടി പാസാക്കിയ ഈ പ്രമേയം ഇന്നു ഇങ്ങിനെ ഒരു പുലിവാലായിത്തീരുമെന്നു ഞാൻ സ്വപ്നേപി വിചാരിച്ചിരുന്നില്ല. വാസ്തവത്തിൽ ജനപ്രതിനിധികളുടെ ഒരു നിശ്ചിതമായ അഭിപ്രായഗതിയെ കഴിഞ്ഞയോഗത്തിലെ വോട്ടുകൊണ്ടു മനസ്സിലാക്കിയ ഗവൺമെൻറു ഈ സംഗതിയിൽ ഈ ബില്ലിനെ അവരുടെ അഭി

LIBRARY ARCHIVES Kerala Legislative Assembly

പ്രായത്തിൽ അനുകൂലിച്ചാലും ഇല്ലെങ്കിലും സാധാരണ പാർല്ലിമെൻറ റി മര്യാദയനുസരിച്ചു ഒരു നിഷ്പക്ഷനിലയെ ഈ അവസരത്തിൽ അവ ലംബിക്കുമെന്ന വിചാരിപ്പാനുള്ള മൌഢ്യവും എനിക്കുണ്ടായി. ആ ആശകളും പ്രതീക്ഷകളും അസ്ഥാനത്തിലാണു കലാശിച്ചിരിക്കുന്നതു്. ഈ നിയമസഭയിലെ അനുദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം എ നിക്കു സുദൃഢമായ വിശ്വാസം അവരിൽ ഉണ്ടെന്നു പറഞ്ഞറിയിക്കേ ണ്ട ആവശ്യമില്ല. ഈ ബില്ലിൻെറ അവതരണത്തിനുശേഷവും ജനക്ഷേ മംതിരിഞ്ഞ നിങ്ങൾ അതിനെ ഇവിടെ കഴിഞ്ഞ നിയമസഭയിൽ പാസാക്കിയതിനുശേഷവും എന്തെല്ലാം തരത്തിലുള്ള വടംവലികൾ അറിഞ്ഞതും അറിയാത്തതും ആയി അണിയറകളിൽ നടന്നിട്ടു ണ്ടു്! രാജ്യക്ഷേമത്തെ പുലർത്തിക്കൊണ്ടുപോകുന്നതിനുവേണ്ടി നെ ഞ്ഞുകൊണ്ടു കായ്പ്രാപ്തിയുള്ള ഈ നിയമസഭയിലെ അനുദ്യോഗസ്ഥ ന്മാരെ ഒരു പ്രേരണശക്തിക്കും ഈ സംരംഭത്തിൽനിന്നും പിന്തിരി ക്കുവാൻ സാധിക്കയില്ല. കഴിഞ്ഞ യോഗത്തിലെ അവരുടെ പ്രസം ഗങ്ങളിൽതന്നെ ഈ കൊച്ചീ രാജ്യത്തിലെ ബഹുഭൂരിപക്ഷത്തിൻെറ ക്ഷേമത്തിനുവേണ്ടി ഒരു ന്യൂനപക്ഷത്തിനു ഉപദ്രവമുണ്ടായാൽപോ ലും അതു പരിഗണനീയമല്ലെന്നു അവരിൽ പലരും പറഞ്ഞിട്ടുള്ളതാ യികാണാം. ലാമെമ്പർ വാഗ്ദത്തംചെയ്തിരിക്കുന്ന അദ്ദേഹത്തിൻെറ ഔ ദ്യോഗികപ്രസംഗത്തിൽ വിധിനിരുത്തു വിളംബരം കർഷകന്മാർക്കു ഒരു താ ല്ക്കാലികമായ അനുഗ്രഹമായിരുന്നുവെന്നു സമ്മതിച്ചുവല്ലോ. ആ സമ്മ തത്തിൽനിന്നുതന്നെ ഈ രാജ്യത്തിലെ കർഷകന്മാരുടെ ദുരവസ്ഥ ശമി ക്കുന്നതുവരെ ഈ ബിൽ നിയമമായിരിക്കണമെന്നു തെളിയുന്നുണ്ടു്. പി ന്നെ ലാൻറുമോർട്ടഗേജ് ബാങ്കും സ്പെഷ്യൽ ലോണും കർഷകന്മാരുടെ കഷ്ടപ്പാടിനു ഒരു ആശ്വാസകരമായിട്ടാണു് സ്ഥാപിച്ചുതെന്നു അദ്ദേഹം പറഞ്ഞു. ലോണിൽനിന്നു ഒരു ഒറ്റപൈ എങ്കിലും വിളംബരക്കാലത്തി നിടയിൽ കൊടുക്കാൻ സാധിക്കാത്ത ഉത്തരവാദിത്വബോധമില്ലാത്ത കൊച്ചി ഗവൺമെൻറു പറയുന്നതു കേൾക്കയല്ലാതെ ദുർബ്ബലരായ നാം എന്തുചെയ്യട്ടെ! അബദ്ധം പിണയുകയില്ലെന്നു ഭാവിക്കുന്ന ഗവൺമെൻറു പറഞ്ഞ വെറും "പൂമ്പ"പിടിച്ചു വാദങ്ങളുടെ യാഥാർത്ഥ്യത്തെ ബ ഹുമാനപ്പെട്ട എൻെറ സാമാജികന്മാർ മനസ്സിലാക്കണമെന്നു ഞാൻ വി നീതനായി അപേക്ഷിക്കുന്നു. ഈ വിധിനിരുത്തിയ കാലത്തിനിടക്കു ഗ വൺമെൻറു് കർഷകന്മാരോടു് അതിനുസംബന്ധമായി ചെയ്യേണ്ടിയിരുന്ന കടമകളെ നിർവ്വഹിച്ചില്ല. ലാൻറുമോർട്ടഗേജ് വഴിയായും, സ്പെഷ്യ ൽലോൺ വഴിയായും, മല്യുസ്ഥക്കമ്മറി രൂപീകരണ മാർഗ്ഗേണ തിരു വിതാംകൂറിലും കൊച്ചിലും മറ്റും ചെയ്തതിനെ അനുകരിക്ക വഴിയാ യും ഈ ആറുമാസക്കാലത്തിനുള്ളിലോ അതിനു ശേഷം കഴിഞ്ഞുകൂടി യ ദീർഘദീർഘമായ ഒന്നരക്കൊല്ലത്തിനിടയിലോ ഒന്നും ചെയ്യാതെ ഉറങ്ങിക്കിടന്നിരുന്ന ഇക്കൂട്ടർ —അക്രമപ്പലിശ വ്യാപാരികളുടേയും മുതലാളികളുടേയും ദാസ്യം വഹിക്കുന്ന ഇക്കൂട്ടർ— പ്രജകളെല്ലാം തടി

LIBRARY ARCHIVES Kerala Legislative Assembly

ച്ച തസ്തികകൾ തിന്നുതീർക്കുന്ന തങ്ങളെപ്പോലെതന്നെ സുഖിക്കുന്നവെ
ന്നാണ് ഇപ്പോൾ പറയുന്നത്! ബഹുമാനപ്പെട്ട റവന്യൂമെമ്പറുടെ നീ
ളമേറിയ ക്യാറ്റ്ലാഗിൽ കൃഷിക്കാരുടെ അനുഗ്രഹത്തിനായി "A" മു
തൽ "Z"വരെയുള്ള പലേ ഇനങ്ങളും എടുത്തു വായിച്ചു! അതിൽ ആ
ദ്യംതുടങ്ങുന്നതുന്നെ എടുത്തു നോക്കിയാൽ കൊച്ചീരാജ്യത്തിലെ കർഷക
ന്മാർക്ക വാസ്തവത്തിൽ ഗവൺമെൻറ് വേണ്ടത്ര ആനുകൂല്യങ്ങൾ ചെയ്തു
നില്ലെന്നു കാണാം. അതിൽ ആദ്യംതന്നെ 'ജനറസ് കൺസഷൻ ആ
ഫ്ലാൻറ്' റവന്യൂ എന്നു പറയുന്നു. ഔദാര്യമേറിയ ഈ കരമിളവു
ഇക്കൊല്ലം എവിടെപോയി? കരമിളവു ഒന്നാകെ റദ്ദ്ചെയ്യുവാൻ
മാത്രം കർഷകന്മാരുടെസ്ഥതി സർക്കാർ ഈ കൊല്ലാരംഭത്തിൽ ഭേദമാ
ക്കിയോ? വെറുതെ നമ്മുടെ മുൻപിൽ ഇരുന്നുകൊണ്ട് ഇല്ലാത്ത സംഗ
തികൾ മുഖത്തുനോക്കിപ്പറഞ്ഞു, അദ്ദേഹം ഒരുതരം മഹേന്ദ്രജാലവി
ദ്യ എടുത്തുകാണിക്കുക മാത്രമാണു ഈ കേട്ടതെല്ലാം. ഇതിൻറെ പൂർണ്ണ
രൂപത്തിൽ പറയുകയാണെങ്കിൽ കർഷകത്തൊഴിലാളി സത്യഗ്രഹ മട്ടന
വിവാദത്തിൽ ചെയ്തതുപോലെ നഗ്നപറയുകയാണെന്നു പറയണം. പ
ക്ഷെ അങ്ങിനെ ഞാൻ പറയുന്നില്ല. അതു അവാസ്തവമാണെന്ന ഭംഗി
യിൽ പറഞ്ഞേക്കാം. (ചിരി.)

പിന്നെ വേറെ ഒരു അനുഗ്രഹംചെയ്തുവെന്നു പറഞ്ഞത് ചീഫ്
കോർട്ട് സക്കുലറിനെപ്പറ്റിയാണല്ലോ; ഈ ചീഫ് കോർട്ട് സക്കുലർ
പുല്ലുതിന്നാത്ത ഏട്ടിലെ പശുവാണെന്നു ഞങ്ങൾ അറിഞ്ഞു. കടലാസ്സിൽ
മരിച്ചുകിടക്കുന്ന നിയമംകൊണ്ടു പ്രയോജനമില്ല. അതു പ്രയോഗ
ത്തിൽ വരുത്തുവാൻ ഒരു സന്നദ്ധതയും ഒരു നിർബ്ബന്ധബുദ്ധിയും പൊ
തുജനക്ഷേമതല്പരതയുമുണ്ടാകണം. അല്ലാതെ കടലാസ്സിൽ കുറെ നി
യമങ്ങൾ എഴുതിവെച്ചു ഒരിടത്തുകിടന്നുറങ്ങിയാൽ ജനങ്ങൾക്കു രക്ഷയാ
കയില്ല. ഈ സക്കുലറിൽ ഉദ്ദേശിച്ചിട്ടുള്ള അനുഗ്രഹങ്ങൾ ദുരിതബാധിത
രായ ജനങ്ങൾക്കു പ്രയോഗത്തിൽ അനുഭവമാകുന്നില്ല. പണവ്യാപാരി
കളുടെ മൂടുതാങ്ങുന്ന ഇവിടത്തെ കോടതികളെ ആക്ഷേപിച്ചാൽ വരു
ന്ന കേടുകളും കണ്ടുകഴിഞ്ഞു. നമ്മുടെ കോടതികളെ സത്യക്കോടതിക
ളാക്കാൻ വളരെ വൈകിക്കഴിഞ്ഞു. അതിനുംവേണം ഉത്തരവാദിത്വ
ഭരണം. ആരോടും മനഃപൂർവ്വംവെച്ചു പറയുന്നതല്ല. അനുഭവം മാത്ര
മാണ് ഇതെല്ലാം.

മിസ്റ്റർ തോമസ്സ് മാത്തൂരാൻ *(Government Advocate and Law Officer)*.— അനുഭവത്തിലുള്ള രണ്ടുകേസ്സ് പറയാമോ?

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— ഒന്ന് ഇരിങ്ങാല
ക്കുടകേസ്സ്, പിന്നെ മിസ്റ്റർ അയ്യപ്പൻപറഞ്ഞ വള്ളിവട്ടംകേസ്സ്. ഇ
ങ്ങിനെ വേറെ പലേ വലിയകേസ്സുകളുമുണ്ട്. (ചിരി) ബഹുമാനപ്പെട്ട ഡ
പ്യൂട്ടി പ്രസിഡൻറിൻറെ നിയമപരിജ്ഞാനത്തിൽ ഞങ്ങൾക്കു അവി
ശ്വാസമില്ല; എന്നാൽ നിയമം പഴയതിനെമാത്രം മുറുക്കിപ്പിടിക്കുന്ന
തിനാൽ പൊതുജനക്ഷേമത്തിനു പലപ്പോഴും അതു വിരുദ്ധമായി നി

LIBRARY ARCHIVES Kerala Legislative Assembly

ല്ലുന്നു. എന്തോ എവിടയോ എങ്ങിനയോ നടന്ന ഒന്നരണ്ട സംഭവങ്ങളുടെ അടിസ്ഥാനത്തിന്മേൽ ഒരു പൊതുപ്രമാണം സൃഷ്ടിക്കുന്ന അശാസ്ത്രീയതയെ സ്വീകരിപ്പാൻ തരമില്ല. ആയുക്തിരാഹിത്യം പ്രത്യുപകാരത്തിന്നതകുമെങ്കിലും ഞങ്ങളുടെ സ്വീകരണത്തിന്ന സമർത്ഥമല്ല.

എന്റെ പല ബഹുമാനപ്പെട്ട സാമാജികന്മാരും ദിവാൻ പ്രസിഡൻറിന്റെ പ്രസ്താവനയുടെ ബാഹ്യവശത്തെ നോക്കിമാത്രം നിരവധി ആശകളെ സംഭരിച്ചിരിക്കുന്നതായി എനിക്ക മനസ്സിലായി. നമ്മൾ വിചാരിക്കുന്നതുപോലെ വാക്കുകളിൽ അത്രമാത്രം പിടിത്തംതരുന്ന കേവലം ഒരു സാധാരണക്കാരനല്ല ദിവാൻ എന്ന മനസ്സിലാക്കണം. (ചിരി) അദ്ദേഹം നയകുശലതയുടെ കൂടീരവും അവ്യക്തതയുടെ നികേതനവുമാണ്. പക്ഷെ പണക്കച്ചവടക്കാരന്റെ മാസ്മരിക് തുലാമാലയിൽനിന്ന രക്ഷപ്പെടുവാൻ അദ്ദേഹത്തിന്ന സാധിക്കാത്തത് പരിതാപകരംതന്നെ. പ്രാദേശിക സ്വയംഭരണപ്രവർത്തനത്തിലെ വല്ല നിരാശയും അദ്ദേഹത്തിന്റെ ബഹുഭ്രരിപക്ഷ ക്ഷേമവീക്ഷണത്തെ ഒന്നാകെ ക്ഷതപ്പെടുത്തിയോ എന്നപോലും ഞാൻ ഭയപ്പെടുന്നു. കർഷക കടമദ്ധ്യസ്ഥതയേയും ലഘൂകരണത്തേയും സംബന്ധിച്ചു എന്തെങ്കിലും അടുത്തഭാവിയിൽ ചെയ്യുമെന്ന നിങ്ങൾ ഇവിടെ തെളിയിച്ചു പറഞ്ഞാൽ ഈ ബിൽ ഇപ്പോൾ ഞാൻ പിൻവലിക്കാം. ദിവാൻജിഅവർകളുടെ പ്രസ്താവനയിൽ അതില്ല. സാമ്പത്തികാധഃപതനം ഫാ കൊല്ലം നിന്നാൽ ആ പത്തുകൊല്ലവും ഈ വിധിനിരുത്തു നിയമം വേണ്ടെ എന്ന അദ്ദേഹം സംശയിക്കുന്നു. ഈ സംശയത്തിൽ കാമ്പില്ല. മദ്ധ്യസ്ഥതാബോർഡും മറും നടപ്പിലാക്കുന്നതുവരെയുള്ള ഒരു താല്കാലികാശ്വാസമായിട്ടാണ വിധിനിരുത്തിനെ ഞങ്ങൾ ആവശ്യപ്പെടുന്നത്. സാമ്പത്തികാധഃപതനത്തിന്ന സ്ഥിരമായ ഒരു ഉപശാന്തിയായി വിധിനിരുത്തിനെ കരുതുവാൻ മാത്രമുള്ള ബാലിശമനഃസ്ഥിതി ഞങ്ങൾക്കില്ല. ഭംഗിവാക്കുകൾ കേട്ടകേട്ട ഞങ്ങൾ കുഴങ്ങി; എത്രയോ പതിനായിരം വാശത്തങ്ങളെ നിങ്ങൾ നിർബാധം ലംഘിച്ചുകഴിഞ്ഞു. ദിവാൻ എടുത്തെടുത്തുപറയുന്ന വസ്തുക്കാരിൽ ഭ്രരിപക്ഷം അതരാണെന്ന മാത്രമേ പൊതുജന ശുശ്രൂഷകന്മാർ ചിന്തിക്കേണ്ടതുള്ളൂ. ഞാൻ ഈ സംഗതിയുടെ പ്രാധാന്യത്തെക്കുറിച്ചു ഒരു പുതിയ പ്രസംഗം ഇന്ന ചെയ്തു നിങ്ങളെ സമ്മതിപ്പിക്കേണ്ട ആവശ്യം കാണുന്നില്ല; ഈ ബില്ലിന്റെ രണ്ടുവായനകൾക്കുമുൻപു കഴിഞ്ഞു. അതിൽ ഒരു പ്രാവശ്യം വളരെ വിസ്താരമായി പല മെമ്പർന്മാരുടേയും അഭിപ്രായങ്ങളെ പ്രതിധ്വനിപ്പിച്ചുകൊണ്ട ഒരു വാദപ്രതിവാദം നടന്നുവെല്ലോ. ആ അവസരത്തിൽ എനിക്ക പറയാനുള്ള സംഗതികളെല്ലാം പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തെക്കുറിച്ചു കഴിഞ്ഞ യോഗത്തിൽ വാദപ്രതിവാദം നടന്നപ്പോൾ ഇവിടെ ഒരു അനുദ്യോഗസ്ഥ സാമാജികൻ ചെയ്ത പ്രസംഗംമാത്രമാണ് പ്രധാനമായി നിങ്ങളുടെ ശ്രദ്ധയിൽ ഇപ്പോൾ പെടുത്തുന്നത്. ഇങ്ങനെ നടന്നകഴിഞ്ഞ ഒരു പ്രസംഗം ഇവിടെ എടുത്തുവായിക്കുന്നതിൽ അനൌ

LIBRARY ARCHIVES Kerala Legislative Assembly

ചിത്രമില്ലെന്ന ഗവൺമെൻറ് സിക്രട്ടറി ഇന്ന രാവിലെകാണിച്ചുതന്ന മാതൃകയിൽനിന്ന ഞാൻ പഠിച്ചിരിക്കുന്ന. സർ, നിഷ്പക്ഷമായ ഒരു അഭിപ്രായഗതിയെ കാണിക്കുവാനാണ ബഹുമാനപ്പെട്ട പള്ളിപ്പുറംമെമ്പറെ ഞാൻ ഇപ്രകാരം ഉദ്ധരിക്കുന്നതു. സംഗതികളുടെ രണ്ടുവശവും കാണുവാൻ കെൽപ്പുള്ള ഒരു പരിപക്വബുദ്ധിയുടെ ആത്മാർത്ഥമായ ചിന്തകളെ ഇതിൽ നിഴലിച്ചുകാണാം. ധീരനും സേവകനുമായ ഈ മെമ്പറെപ്പോലെ കുറെ അധികംപേർ ഈ നിയമസഭയിൽ ഉണ്ടായിരുന്നുവെങ്കിൽ ബഹുജനക്ഷേമത്തിന്ന ഒഴിച്ചുകൂടാത്തതായ ഈബില്ലിനെ എതിർപ്പാൻ ഗവൺമെൻറ് ഇന്ന് 'ഉറക്കുക'യില്ലായിരുന്ന.

Deputy President.—Hon'ble Member should say whether he is going to read the whole speech. If that should be done he has to obtain the permission of the whole House. Personally for myself, I have no objection, if the House allows it.

Mr. K. M. Ibrahim *(Cranganur).*—The speech is not a long one. I may be allowed to read it for the information of the House. That will bring some fresh light in further arguing my point in connection with the present Bill.

"Sir, while I get up to support this Bill I must confess to the House that I do not pretend to know the various legal implications contained therein. Generally I allow myself to be influenced by the opinion of the legal Members in matters of this kind and I dare say I should show great regard and great respect to the opinion expressed by no less a person than the late Government Advocate, the Deputy President of this House. But apart from this consideration there are general considerations, considerations of a general character, which can be understood by everyone. One thing that is understood by all, men, women and even children, is that there is such a depression in this land—as is the case all the world over—that some amelioration must be accorded to the people. (Hear, hear). It is the first principle of medical practice that where no life could be saved at least relief must be given. If you find that you cannot save the life of your peasantry it is your duty to render that help which will give them at least relief, temporary relief it may be. What does this Bill ask for? I am not going to enter into the provisions of the Bill. I will only confine myself to one case and that is this Bill must be given operation for a period of one year. As the Leader of the Independent Party said, your giving a partial Moratorium for 6 months has not brought down the banks and has not brought down jenmies. Whatever they have suffered, they have suffered in common with their brethren, with their tenants and their workmen. Does not the House realise that elementary spirit of progress in this land demands the right that full value of the work should be given to the worker and that he is not going to allow any more anybody to enjoy the fruits of his labour? At such a time is it the proper thing for this House simply to point out difficulties of inaugurating a measure? Nobody in this House will be foolish enough to suppose that these emotions that subject every land from

LIBRARY ARCHIVES Kerala Legislative Assembly

one end to another shall not cross the Shoranur River to this State. Realising that, is it not the duty of this House to take into consideration these facts and make provision to give some aid to the creditors instead of simply listening to the complaints of bankers and landlords? I do not think the landlords as a class will come to this House and say that such a relief should not be given to these poor people. The only people who would object to this are the money-lenders, because the money-lenders are the only people who have enriched themselves from this general depression. Sir, do you realise your action in not even giving that demand of this House, i. e., 12½ per cent. remission in land revenue? That Government has no right to plead on behalf of the jenmies? Sir, you ought to have reduced your salaries by 25 per cent. I say that one rupee now is equal to two rupees 15 years ago. If your salaries are cut down by 50 per cent you are still better off than the general population from the sweat of whose brows you draw these large amounts. I am very much disappointed, Sir, that while the land revenue remission was discontinued there was no cut in the salaries of the Government servants. Considering all these things, whatever may be your difficulties, you must give them some relief. If you do not do that, there will be greater trouble, there will be greater depression, greater hardship and why do you want to rule a country of paupers? Give them some relief. And what is this relief? People who are not in a position to pay off their debts should be given some time. It is a great relief to know that they will not be molested by the bankers, money-lenders and Hundi merchants.

Sir, you remember I did not support this motion on a previous occasion because. . . . . ."

This is a point which I ought to stress, Sir, particularly. The Hon'ble Member says that on a previous occasion he did not support a similar motion; he has been convinced during the interval of the issue by the over-growing poverty of the agriculturists. That really is a point of overwhelming force.

" Sir, you remember I did not support this motion on a previous occasion because I was under the impression that the Land Mortgage Bank or the Bills enumerated by the Law Member would find their way into the Statute Book. I have now found out that none of them has found its way nor are they likely to find its way in the very near future. Sir, one year is the least period that you would require for the enactment and for bringing into action these enactments. Therefore, one year's relief must be given. Some of the debtors may be in a position to give. But a large number of the debtors will get relief by this. It is the principle that if by cutting off a limb the body could be saved the limb must be cut off. If by cutting off the limb, i. e., the landlords and moneylenders you can save the body, the peasantry of the State, it is your duty to do so. It is admitted on all hands that 90 per cent. of the people of Cochin are Agriculturists and if, as the Deputy President observed, they are both creditors and debtors, I am asking how is this going to affect them? The debtor shall not be compelled to pay. Therefore, the creditor does not require the money to be paid by him. If you say there is only a minority then the position is different. When you say that 90 per cent. are agriculturists it is practically a Moratorium binding the whole population. But if it is not a partial measure like that and

LIBRARY ARCHIVES Kerala Legislative Assembly

if you enact a general Moratorium I think your position is unassailable. In the history of every nation Bills of this sort and Moratoriums are being passed and I can give you any number of instances. Nobody passed such a Bill for the fun of it, for the pleasure of it, for giving some work to legal men, to quibble about these things. It is only when absolute necessity arises that a bill of this nature is introduced and I honestly upon my conscience think so. As I said it is pitiable in the State that such time has to go just to relieve these suffering men. It goes little to their credit irrespective of any consideration, to render that help to the suffering peasantry upon whom the State rests for its very existence. For the general reasons stated above and having regard to the urgency of the matter I have great pleasure in supporting this Bill though it is imperfectly worded."

ഞാൻ ചോദിക്കുന്നതു് ഒരു സംഗതിയുടെ രണ്ടുവശവും പിടിച്ചു് അതിനെക്കുറിച്ചു മുമ്പു എതിരായ അഭിപ്രായം പറഞ്ഞിട്ടുള്ള ഒരു മാന്യൻപോലും ഇത്ര ശക്തിയുക്തമായ അനിഷേദ്ധ്യമായ കാര്യസമ്പൂർണ്ണമായ ഭാഷയിൽ അതിനനുകൂലമായി പറഞ്ഞിട്ടുള്ള പ്രസ്തുത പ്രസംഗത്തെവേണ്ടിയെങ്കിലും ഇപ്പോൾ ആലോചനയിലിരിക്കുന്ന ഈ പ്രമേയത്തെ നാം അനുകൂലിക്കുകയല്ലേ വേണ്ടതു് എന്നാണു്. (ചിരി.)

ബഹുമാനപ്പെട്ട വടക്കെ ഈഴവപ്രതിനിധിയുടെ പ്രസംഗം വളരെ വിചിത്രമെന്നോ ഞാൻ പറയുന്നുള്ളൂ. ബുദ്ധിയെക്കുറിച്ചും ആ മാന്യൻ സംസാരിച്ചു. എനിക്കുള്ള പരിമിതമായ ബുദ്ധിയിൽ ക്ലൂതലുണ്ടെന്നു ഭാവിക്കാനുള്ള നയവിശേഷം ഈ ഗ്രാമീണനായ എനിക്കില്ല. (ചിരി) പ്രസിദ്ധരുടെ അവർകളുടെ ഇംഗ്ലീഷ് പ്രസംഗം മനസ്സിലാക്കുവാനായി എനിക്കുള്ള ഇംഗ്ലീഷ് പാടവം തുച്ഛമാണെന്നും എനിക്കറിയാം. (ചിരി)

മിസ്റ്റർ എ. വി. മൂത്തേടൻ *(Chalakudi)*— ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— കുറേക്കാലം കൂടി ഈ നിയമസഭയിൽ പരിചയം സിദ്ധിക്കുമ്പോൾ അദ്ദേഹത്തിനു സ്വതേ സിദ്ധമായിരിക്കുന്ന ക്രമ്മബുദ്ധിയും വിഭാഷാവൈഭവത്തിയും വർദ്ധിക്കുമെന്നു ഞാൻ സഹർഷം ആശംസിക്കുന്നു. (ഭീർഘമായ ചിരി).

മിസ്റ്റർ എം. വി. ചെറിയാൻ ഈ കഴിഞ്ഞ നിയമസഭയിൽ ഈ ബില്ലിനെ അനുകൂലിച്ചു വളരെ ശക്തിയായ ഭാഷയിൽ പ്രസംഗിച്ച ഒരു മഹാനുഭാവനാണു്. ഇന്നു അതിനുനേരെ വിപരീതമായും ആ സഹൃദയൻ സംസാരിക്കുന്നു. ആ പ്രസംഗം കേട്ടപ്പോൾ ഒരു അനുദ്യോഗസ്ഥനേക്കാൾ ഗവൺമെൻറു സിക്രട്ടറിയേറ്റിൽനിന്നും പാടുന്ന ഒരു സപനഗ്രാഹിയേയാണു ഞാൻ സ്മരിച്ചതു്. (ചിരി) മട്ടാഞ്ചേരി തെക്കുംഭാഗം വോട്ടറന്മാർ പറയട്ടെ ഇതിന്റെ സമാധാനം. ഒരുതവണ പറഞ്ഞതിനു നേരെ വിപരീതമായി പിറേറതവണ പറയുന്ന സന്ദർഭപടുക്കളോടു തോല്ക്കുകയല്ലാതെ ഈ സാധു എന്തു ചെയ്യട്ടെ! സർ. (ചിരി) പടിഞ്ഞാറുനിന്നും ഉയരുന്നകാറിനു കിഴക്കുനിന്നും ഉദിക്കാമെല്ലൊ സർ. (ഭീർഘമായ ചിരി)

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ സമർത്ഥിക്കുന്നതായ ഒരു ഗവൺമെൻറു കല്പന മഹാരാജാവു തിരുമനസ്സുകൊണ്ടു വിളംബരം ചെയ്തപ്പോൾ ഇതിൻെറ പ്രായോഗികത നമുക്കു കിട്ടിക്കഴിഞ്ഞു. നാം ഈദ്ദേശമായ ഒരു ബിൽ പാസാക്കിയിട്ടല്ലല്ലോ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രസ്തുത വിളംബരം പ്രഖ്യാപനം ചെയ്തതു്. അക്കാര്യത്തിൽ പൊതുജനപ്രതിനിധികളായ നമ്മൾ അതേ രൂപത്തിൽ, അതേസ്ഥിതികൾ തുടർന്നുകൊണ്ടിരിക്കുമ്പോൾ വിളംബരത്തിൻെറ തനിപ്പകർപ്പിൽ ജനക്ഷേമത്തിനത്യന്താപേക്ഷിതവും സൃഷ്ടിപരവുമായ ഒരു ബിൽ പാസാക്കുന്നതിൽ എന്തു രാജ്യദ്രോഹമാണു്, എന്തു വർഗ്ഗദ്വേഷമാണു വന്നുകൂടുന്നതെന്നു് ആവേശത്തോടെതന്നെ ഞാൻ ചോദിക്കുന്നു. ബാങ്കറന്മാർ നശിച്ചുകൊള്ളട്ടെ എന്നൊ പലിശ വ്യാപാരികൾ തുലഞ്ഞുകൊള്ളട്ടെ എന്നൊ ഉള്ള ഉദ്ദേശത്തെ പാലിക്കുവാനുള്ളതല്ല ഈ ബിൽ. അവരേക്കാൾ എണ്ണത്തിലും ബന്ധത്തിലും അധികം നിലകൊള്ളുന്ന ഈ രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങളെ രക്ഷിക്കുവാൻ പണക്കാർക്കു നിസ്സാരവും താല്കാലികവുമായ ചില ത്യാഗങ്ങൾ മാത്രം വരുത്തിയേക്കാവുന്ന ഒരു ബില്ലത്രേ ഇതു്. പരുപരുത്ത ഖദറിനാൽ തങ്ങളുടെ കായപട്ടം മൂഴുവൻ മൂടിനടക്കുന്ന ഇവിടത്തെ ചില കാൺഗ്രസ്സുകാരുടെ ഈ വിഷയകമായ മനോഭാവം എനിക്കു വളരെ വ്യസനവും അത്ഭുതവും ഉളവാക്കിയിരിക്കുന്നു; കാൺഗ്രസ്സുപ്രസിദ്ധങ്ങായ ജവഹരലാൽ കർഷകന്മാരുടെമേൽ കർശനനടപടികൾ നിറുത്തണമെന്നു നിരന്തരം നിലവിളിക്കൂട്ടുന്നതു ഈ രാഷ്ട്രീയ ബധിരന്മാർ കേട്ടില്ലായിരിക്കുമോ. സ്വാർത്ഥത്തേയും ദുരാഗ്രഹത്തേയും ദേശാഭിമാനച്ഛായംകൊണ്ടു മറയ്ക്കുന്ന ഈ പ്രതിഘാതശക്തികളെ നിയമസഭകളിൽനിന്നും തുരത്താത്ത കാലത്തോളം നമ്മുടെ നാടു നന്നാവുകയില്ല. ഈ ബിൽ നിയമമാക്കുന്നതുമൂലം ബഹുജനങ്ങൾക്കു രക്ഷയല്ലാതെ, നന്മയല്ലാതെ, യാതൊരു ആപത്തും ഉപദ്രവവും വിഷമങ്ങളും ഉണ്ടാകയില്ലെന്നു എനിക്കു ധൈര്യമായി പറയുവാൻ സാധിക്കും. ഒന്നരകൊല്ലം മുമ്പു പ്രഖ്യാപനംചെയ്ത മോറിട്ടോറിയംകൊണ്ടു കൊച്ചീരാജ്യം അറബിക്കടലിൽ പോവാതെ ഇതാ നിലകൊള്ളുന്നു. (ചിരി) എൻെറ സ്നേഹിതന്മാരായ പല സാമാജികന്മാരും ഒരു സംഗതി തെറ്റിധരിച്ചിട്ടുണ്ടു്; അതു ഈ ബിൽ നിയമമായാൽ വാങ്ങിച്ചിട്ടുള്ളതൊന്നും മടക്കികൊടുക്കേണ്ട എന്നു ശാസിക്കുന്ന ഒരു നിയമം വരുമെന്ന ധാരണയാണു്. ഞാൻ പറയുന്നു, വിനീതനായി പറയുന്നു, ഈ ബിൽ എന്താണെന്നു മനസ്സിലാക്കാതെയാണു അങ്ങിനെ വ്യാഖ്യാനിക്കുന്നതു് എന്നു്.

Deputy President.—I request the Hon'ble Member to wind up. He has taken sufficiently long time, more than half an hour.

മി: കെ. എം. ഇബ്രാഹിം *(Cranganur)*.— എനിക്കു് എൻെറ സ്വന്തം സ്വരം കേൾക്കുന്നതിനോ അന്യരെ കേൾപ്പിക്കുന്നതിനോ തെല്ലും മോഹമില്ല സർ. (ചിരി.) സ്വന്തം അഭിപ്രായമുണ്ടാകാതെ പ്രതിനിധ്യവാദവും ഞാൻ ചെയ്യാറില്ല. വാദത്തിലിരിക്കുന്ന വിഷയ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ ഗൌരവത്തെ, ഇതിനെതിരായി നിവർത്തിച്ചിട്ടുള്ള പ്രതിഷേധത്തെ ഭയന്നുമാത്രം, പ്രകാശിപ്പിക്കാതെ വിടുന്ന ധർമ്മഭീരുത്വം ജനപ്രതിനിധികൾക്കു യോജിച്ചതല്ലല്ലോ. ജന്മികൾക്കും മുതലാളിമാർക്കും അവരെക്കൊണ്ടു കഴിഞ്ഞുകൂടുന്ന അഭിഭാഷകന്മാർക്കും ഈ ബിൽ അരോചകവും അസഹനീയവുമായിരിക്കാം; അവർ മാത്രമല്ലല്ലോ ലോകം. അവരെ താലോലിക്കയും താരാട്ടുകയും ചെയ്യുക മാത്രമല്ല ഒരു പരിഷ്കൃത ഭരണത്തിന്റെ ഭാരം. ഈ ബിൽ നിയമമായാൽ കടം മടക്കിക്കൊടുക്കുന്ന സത്തുക്കളെ കാരാഗൃഹത്തിൽ കടത്തുമെന്നു കല്പിതം വരുമെന്നു ധരിച്ചുവശായിട്ടുള്ള ചില ബുദ്ധിമാന്മാരും ഇവിടെയുണ്ടെന്നു തോന്നുന്നു! കൊച്ചി രാജ്യത്തിലെ കർഷകന്മാരുടെ കടം മുന്നൂറു ശതമാനംകണ്ടു വർദ്ധിച്ചിട്ടുണ്ടെന്നു കൊച്ചി ദിവാൻജിയുടെ ഔദ്യോഗികത്തിരുമനത്തെ ഈ പ്രമേയത്തിനനുകൂലമായി ഇതാ ഞാൻ വീണ്ടും ഓർമ്മിപ്പിക്കുന്നു. പ്രസ്തുത പ്രമാണത്തിന്റെ 'തലതൊട്ടപ്പന്മാർക്ക്' ഈ ബില്ലിനെ എതിർപ്പാൻ എങ്ങിനെ ചങ്കുറപ്പുണ്ടായി? ജനങ്ങളുടേയും അവരുടെ പ്രതിനിധികളെന്നു പറയുന്നവരുടേയും അനൈക്യവും ദൌർബല്യവും ഭീരുത്വവും സ്വാർത്ഥംനേടാൻ ഉദ്യോഗസ്ഥന്മാരുടെ കാൽ നക്കുന്ന സ്വഭാവവും ആയിരിക്കണം ഈ ചങ്കുറപ്പിന്റെ കാരണം. ഫ്ഫ്ഫ കക്കടകം ഫ്ഫ-ാംനു- ഞാൻ ഈ നിയമസഭയിൽ ചെയ്ത ഒരു പ്രസംഗത്തിലെ ചില ഭാഗങ്ങളും ഈ ബില്ലിനനുകൂലമായി ഞാൻ ഇതാ പ്രമാണപ്പെടുത്തുന്നു:— "മുട്ടപെറുന്നതുപോലെയാണ് കർഷകന്റെ കടവും പെറുന്നത്. (ചിരി.) ഇതിനെ സംബന്ധിച്ചുള്ള ഒരു ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂ മെമ്പർതന്നെ മുതലിനേക്കാൾ എട്ടും പത്തും പത്തും ഇരട്ടി വിധിയുണ്ടായിട്ടുള്ള കേസുകൾ എടുത്തു കാണിക്കുകയുണ്ടായി. അദ്ദേഹം പറയുന്നതു മുതലിന്റെ ആറിരട്ടിയുള്ള വിധികൾ നാലെണ്ണം ഉണ്ടായിരുന്നുവെന്നാണ്. ഇതുപോലെതന്നെ മുതലിന്റെ നാലിരട്ടി കണ്ടു കോടതി വിധിച്ചിട്ടുള്ള നൂറു വിധികളുണ്ട്. അപ്രകാരംതന്നെ മുതലിന്റെ മൂന്നിരട്ടി കണ്ടു വിധിച്ചിട്ടുള്ള പതിനെട്ടു വിധികളും സ്ഥിതിചെയ്യുന്നു. രണ്ടു ഇരട്ടിച്ചു കണ്ടു വിധിച്ചിട്ടുള്ളവ ൻഫർ വിധികളത്രെ. ഒന്നര ഇരട്ടിച്ചുകണ്ടു ഫർഫൻ വിധികളുമുണ്ടായിട്ടുണ്ട്. വാസ്തവത്തിൽ ഇതു് ഏറ്റവും പരിഭ്രമകരവും പരിതാപകരവും അന്യായവുമായ ഒരു സംഗതിയല്ലേയെന്നു ഞാൻ ചോദിക്കുന്നു. നാലിരട്ടിച്ചുകണ്ടു് നാണയത്തിന്റെ വില വ്യത്യാസപ്പെട്ടപ്പോൾ അതനുസരിച്ചു് വില കുറക്കേണ്ട സംഖ്യ എട്ടും പത്തും പത്തുമായി ഇരട്ടിച്ചുകണ്ടു് വിധികൾ കോടതികളിൽ ഉണ്ടായിട്ടുള്ളതു് എന്തിനേക്കാണിക്കുന്നു? കർഷകന്മാരുടെ കഷ്ടതയെ കാണിക്കുന്നു. കർഷക മർദ്ദനത്തിന്റെ പ്രത്യക്ഷമായ ഒരു പ്രഖ്യാപനമല്ലേ ഈ വിധികൾ എന്നു ഞാൻ ചോദിക്കുന്നു. കർഷകന്മാരുടെ കഷ്ടതയുടെ ഏറ്റവും ശാസ്ത്രീയമായ ഒരു വിമർശനം കണ്ണു തുറന്നു നോക്കിയാൽ നിങ്ങൾക്ക് ഈ പട്ടികയിൽ കാണുവാൻ കഴിയും. ഭൂമിയിൽ ഉണ്ടാകുന്ന വിളവുകളുടെ വിലയനുസരിച്ചു് അവയെ കൊടുക്കു

LIBRARY ARCHIVES Kerala Legislative Assembly

വാൻ സാധിക്കയുള്ളൂ. വിളവുകളുടെ വില വളരെ കുറഞ്ഞിരിക്കുന്നു. നേരെമറിച്ചു് നാണയത്തിന്റെ വില വളരെ വർദ്ധിക്കയും ചെയ്തിരിക്കുന്നു. പിന്നെ എങ്ങിനെയാണു് വ ഇരട്ടിയും ൻ ഇരട്ടിയും ഥ ഇരട്ടിയുമായി കോടതികൾ വിധിച്ചാൽ കർഷകന്മാർക്കു് മടക്കിക്കൊടുക്കുവാൻ സാധിക്കുന്നതു്?"

ഉല്പന്നങ്ങളുടെ വിലയുടെ താരിപ്പിൽ കർഷകന്മാരുടെ കടങ്ങൾ ലഘൂകരിക്കപ്പെടണം എന്നു കൊച്ചി നിയമസഭയിൽ ഭൂരിപക്ഷത്തോടെ പാസ്സായിട്ടുള്ള അനുദ്യോഗസ്ഥപ്രമേയവും താദൃശമായ സംരക്ഷണകർമം കർഷകർക്കു കൈവരുന്നതുവരെ ഈ ബില്ലിൽ നിർദ്ദേശിക്കുന്ന തല്ക്കാലികാശ്വാസം അവർക്കു നൽകുന്നതിനെ ശക്തിയായി അനുകൂലിക്കുന്നില്ലേ? അന്തോണിക്കമ്മിറ്റിയുടെ ശുപാർശകളും ഈ ബില്ലിനെ താങ്ങുന്ന ഒരു നെടുംതൂണത്രെ. ആ കമ്മിറ്റി ഒരു സർക്കാർ കമ്മിറ്റി ആണല്ലോ. അപ്രകാരമുള്ള ഒരു ഗവർമ്മേണ്ടുകമ്മിറ്റി ചെയ്തിട്ടുള്ള പ്രധാനപ്പെട്ട പല ശുപാർശകൾപോലും നടപ്പിൽ വന്നിട്ടില്ലാത്ത ദാരുണമായ ഈ കാലഘട്ടത്തിൽ കേവലം താല്ക്കാലികം മാത്രമായ വിധിനിരൂപ്പു കർഷകർക്കു നൽകുന്നതിനു അപ്പുറത്തിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്കും ഇപ്പുറത്തിരിക്കുന്ന ചില അർദ്ധോദ്യോഗസ്ഥന്മാർക്കും എന്താണിത്ര സങ്കടം? നമ്മുടെ ഔദാസീന്യംകൊണ്ടും സ്വാർത്ഥതകൊണ്ടും എത്രയോ കർഷകകുടുംബങ്ങൾ ശൂന്യമായിക്കഴിഞ്ഞു; ഈ നശീകരണവൃത്തി ഇനിയും തുടരുകയാണോ നാം വേണ്ടതു്? പുരുഷപരമായ അസൂയക്കും കണ്ണുകടിക്കും ചിലർ വശംവദരാകുന്നതുമൂലം ഈ ബിൽ ഇന്നു പരാജിതമാകുന്നപക്ഷം അതു കൊച്ചീരാജ്യത്തോടു ചെയ്യുന്ന ഒരു കൊടുംപാതകമായിരിക്കും. ഈ ബിൽ പാസ്സായാൽ പൊതുക്ഷേമം എന്തെന്നു ഈ നിയമസഭ മനസ്സിലാക്കിയെന്നോ അർത്ഥം വരികയുള്ളൂ; അല്ലാതെ ഇതിന്റെ അവതാരകൻ ഒരു പ്രമാണിയാണെന്നു അതിൽനിന്നും ധ്വനിക്കയില്ല. ഇതു ജയിച്ചാൽ മുസൽമാൻ ജയിക്കയില്ല; ഇതു എല്ലാ ജാതിക്കാരുടേയും കാര്യമാണു്.

കഴിഞ്ഞ നിയമസഭയിൽ ബഹുമാനപ്പെട്ട റവന്യൂ മെമ്പർ അറിഞ്ഞോ അറിയാതേയോ (അപ്പുറത്തിരിക്കുന്നവർക്കു അബദ്ധം പറുക എന്ന ഒരു പ്രകൃതിയേ ഇല്ലെന്നു അവരുടെ വാദത്തോടു ഞാനും യോജിക്കുന്നു) ഒരു വാസ്തവം നമ്മോടു പറഞ്ഞുപോയി. ചുരുക്കത്തിൽ അദ്ദേഹം പറഞ്ഞതു് '6 മാസത്തേക്കു മുമ്പു പ്രസിദ്ധം ചെയ്തുകഴിഞ്ഞ കർഷക വിധിനിരൂപ്പു വിളംബരം വെറും ആറുമാസക്കാലത്തേക്കായി നിർണ്ണയിച്ചതു് അബദ്ധമായിപ്പോയി' എന്നാണു്. കൂടുതൽ എന്തു ന്യായം വേണം? ഈ ആറുമാസക്കാലം വിളംബരം മതിയെന്നു വെച്ചതു ഗവർമ്മെൻറിനു പറ്റിയ ഒരു പ്രമാദമാണെന്നാണു അദ്ദേഹം പ്രസ്തുത പ്രസ്താവനയാൽ പരോക്ഷമായി സമ്മതിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഗവർമ്മെണ്ടാണു് ഇന്നു് ഈ ബില്ലിനെ എതിർക്കുന്നതു്! എന്തൊരു വ്യവസ്ഥയില്ലായ്മ! എന്തൊരു പരസ്പരവൈരുദ്ധ്യം! എന്തൊരു പൊതുക്ഷേമതല്പരത!

LIBRARY ARCHIVES Kerala Legislative Assembly

Any doubt on that matter?

Mr. K. Achyuta Menon (*Diwan Peishkar*).—No doubt on that matter. I have no illusions in the matter as to what I have said or not.

Deputy President.—I again request the Hon'ble Member to wind up the matter.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganr*).— അവസാനമായി കൊച്ചി ഗവർമ്മേണ്ടിന്റെ പ്രതിനിദ്ധ്യം വഹിച്ചുകൊണ്ട് അതിന്റെ റവന്യൂ മെമ്പർ ഈ നിയമസഭയുടെ കഴിഞ്ഞ യോഗത്തിൽ വെച്ചു കർഷകന്മാരെ ഉദ്ദേശിച്ചു ചെയ്തിരുന്ന വിധിനിരുത്തു വിളംബരത്തിന്റെ കാലാവധി നീട്ടണമെന്നു പ്രകാശിപ്പിച്ച അഭിപ്രായത്തെ പാലിക്കണമെന്നു നമ്മുടെ സർക്കാരിന്റെ സൽപേരിനെ മുൻനിറുത്തിക്കൊണ്ടും— അവരുടെ വ്യവസ്ഥയേയും പൊതുഗുണ കാംക്ഷയേയും മുൻനിറുത്തിക്കൊണ്ടും—ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

Motion was put and negatived.

Mr. K. M. Ibrahim (*Cranganur*).— A Poll, Sir.

POLL.

Ayes.	Noes.
1. Mr. K. Ayyappan.	1. Mrs. Meenakshi N. Menon.
2. Mr. A. Eachara Menon.	2. Miss G. M. D'Souza.
3. Mr. K M. Kunhi Moideen.	3. Mr. C. S. Viswanatha Ayyar.
4. Mr. K. M. Ibrahim.	4. Mr. C. P. Lonappan.
5. Dr. A. R. Menon.	5. Mr. C. R. Iyyunni.
6. Mr. M. A. Sankunni	6. Mr. K. Ashtamoorthi Nambudiripad
	7. Mr. M. V. Cherian
	8. Mr. E. Ikkanda Warriar.
	9. Mr. P. Rama Menon
	10. Mr.T. S. Balarama Ayyar.
	11. Mr. A. V. Moothedan.
	12. Mr. P. C. Varkey
	13. Mr. A. Narayana Menon.
	14. Mr. Popatlal Goverdhan Lalan.
	15. Mr. V. K. Aravindaksha Menon.
	16. Rama Varmha Tampuran.
	17. Mr K. Krishna Warriar.
	18. Mr. K. Narayana Menon.
	19. Mr. M. P. Cherian.
	20. Mr. T. Narayana Menon.
	21. Dr. E. S. R. Menon.
	22. Mr. P. Nilakanta Menon.
	23. Rao Sahib I. N. Menon.
	24. Mr. Thomas Manjuran.
	25. Dr. D. Raghavendra Rao.
	26. Mr. P. V. Subramania Ayyar.
	27. Mr. K. Achyutha Menon.
	28. Mr. T. S. Narayana Ayyar.

LIBRARY ARCHIVES Kerala Legislative Assembly

Neutrals.

1. Mr. Shabdai S. Koder
2. Mr. K. T. Mathew.
3. Mr. P. Kumaran Ezhuthassan
4. Mr. T. K. Nayar.
5. Mr. V. K. Krishnankutty
6. Mr. T. C. Iyyukkutty
7. Mr. P. Govinda Menon.
8. Mr. K. S. Panickkar.
9. Mr. K. Kunhirama Menon.
10. Mr. T. A. Ramachandra Iyer.
11. Mr. R. Viswanathan Chettiar.

Motion was lost.

The Cochin Kuries Regulation Amendment Bill.

Mr. A. Narayana Menon *(Vyttila).*—Sir, I rise to move that the Cochin Kuries Regulation, as reported by the Select Committee be taken up for consideration. No speech is necessary from me. It is admitted on all hands that the Bill is considerably to the benefit of the subscribers of the Kuri. I request the house will unanimously vote for it.

Motion was put and carried.

Deputy President.—The question is that clause 2 stand part of the Bill.

2. After Section 24 (1) insert the following :—

Insertion of two explanations to Sec. 24 1.

Explanation I.—The term 'instalments in arrears up-to-date' does not include any labham or extra profit.

Explanation II.—The benefit of this section is available to any person who acquires an interest in any part of the property secured by a subscriber for the proper conduct of a Kuri, provided that notice in writing has been given to the foreman of the acquisition of such interest.

Clause was put and carried.

Deputy President.—The question is that clause 1 stand part of the Bill.

1. This Regulation may be called the Cochin Kuries (Amendment) Regulation of 111 and it shall come into force at once.

Short title and commencement

Clause was put and carried.

Deputy President.—The question is that the Title and preamble stand part of the Bill.

LIBRARY ARCHIVES Kerala Legislative Assembly